## വഴിത്തല സഹകരണ ബാങ്കിലെ കൊപ്ര കച്ചവടം സംബന്ധിച്ച കേസ്

87(828) ശ്രീ. എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ വഴിത്തല സഹകരണ ബാങ്കിലെ കൊപ്ര കച്ചവടം സംബന്ധിച്ച് കോടതിയിൽ നിലവിലുള്ള കേസ്, പിൻവലിക്കുന്നതിനുവേണ്ടി സർക്കാരിൽ നിന്നും ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ടിനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ.

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയ്ക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ലക്ഷക്കണക്കിന് രൂപയുടെ ക്രമക്കേടു നടന്ന പ്രസ്തുത കേസ് പിൻവലിക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ ഇടുക്കി ജില്ലാപോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ടിന്റെ മറുപടി ലഭിച്ചിട്ടില്ല. മറുപടി ലഭിച്ചു കഴിഞ്ഞ് നിയമോപദേശവും നേടിയതിനുശേഷമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുകയുള്ളൂ.

## മയക്കു മരുന്ന് സംബന്ധമായ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ട കുറ്റവാളികൾ

88(829) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മയക്കുമരുന്ന് സംബന്ധമായ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ട എത്ര കുറ്റവാളികൾ സംസ്ഥാന ജയിലുകളിൽ ഉണ്ട്;

(ബി) ഇവർക്കുവേണ്ടി പ്രത്യേക ജയിലുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മയക്കു മരുന്ന് സംബന്ധിച്ച കുറ്റകൃത്യങ്ങൾ വർദ്ധിക്കാതിരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 299 പേർ

(ബി) പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly